പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3312 11.05.2017 ൽ മറുപടിയ്ക്ക്

## ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിന് നടപടി


ചോദ്യം

ശ്രീ.കെ.സി.ജോസഫ്

ശ്രീ.ഹൈബി ഈഡൻ

ശ്രീ.സണ്ണി ജോസഫ്

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി


| | | | |
|---|---|---|---|
| എ) | ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഗ്രാമപഞ്ചായത്തുകളിൽ ഒരു കളിസ്ഥലം നിർമ്മിയ്ക്കുന്ന പദ്ധതി 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഇതിൽ ഓരോ സെന്ററുകളിലും പരിശീലനം നേടുന്ന 40 കായിക താരങ്ങൾക്ക് ലഘു ഭക്ഷണത്തിനായി ദിനംപ്രതി 25 രൂപ നിരക്കിൽ തുക അനുവദിയ്ക്കുന്നുണ്ട്. ഗ്രാമങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 11 റൂറൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ട്രയിനർമാർ പരിശീലനവും നൽകി വരുന്നു.<br>പൈക്ക (ഇപ്പോൾ ഖേലോ ഇൻഡ്യ) യുടെ ഭാഗമായി കേന്ദ്രധന സഹായത്തോടു കൂടി പഞ്ചായത്തുകളിൽ കളിസ്ഥലങ്ങളും നിർമ്മിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) & സി) | ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം 135 കോടി രൂപ ചെലവിൽ 25 സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 13.2.2017 ലെ ഗവൺമെന്റ് ഉത്തരവ് നം.33/17/കാ.യു.വ പ്രകാരം താഴെ പറയുന്ന 18 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | പദ്ധതിയനുസരിച്ച് ഗ്രാമങ്ങളിൽ സ്പോർട്സ് വ്യാപനത്തിനും അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിവരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | 1. വോളിബോൾ അക്കാദമി നടുവണ്ണൂർ<br>2. പാലക്കാട് ഇൻഡോർ സ്റ്റേഡിയം<br>3. ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ്<br>4. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്.<br>5. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം<br>6. ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം<br>7. ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം<br>8. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം<br>9. കണ്ണൂർ ജവഹർ സ്റ്റേഡിയം<br>10. അടൂർ മുനിസിപ്പൽ സ്റ്റേഡിയം<br>11. വയനാട് ജില്ലാ സ്റ്റേഡിയം<br>12. നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം<br>13. ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം<br>14. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം<br>15. എടപ്പാൾ ഗവ.എച്ച്.എസ്.എസ്<br>16. നിലമ്പൂർ മിനി സ്റ്റേഡിയം<br>17. ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം<br>18. നെടുങ്കണ്ടം സ്റ്റേഡിയം<br>സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ